**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **16-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; കെട്ടിട നിർമ്മാണത്തിനു കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി സിവിൽ സ്റ്റേഷനുള്ളിലെ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയുടെ സമീപമുള്ള സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കീഴിലാണ്. ആയത് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ ഫണ്ട് നഷ്ടപ്പെട്ട് പോകാതിരിക്കാൻ മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിനുള്ളിലെ സ്ഥലത്തുതന്നെ പുതിയ കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്ഥലത്തെ മരംമുറിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മലപ്പുറം താലൂക്ക് ആശുപത്രിക്കു സമീപം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന സ്ഥലത്ത് ലാബിനു കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എത്രയും വേഗം സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുമോ; വിശദമാക്കാമോ? | (ബി) | ഉത്തരം (ബി) പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ